2024
FEBRUARY
06
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## കാർഷിക മേഖലയുടെ ആധുനിക വൽക്കരണത്തിന് പദ്ധതി

**തിരുവനന്തപുരം:** കാർഷിക മേഖലയ്ക്ക് 2024-25 വാർഷിക പദ്ധതിയിൽ 1698.30 കോടി വകയിരുത്തി.കാർഷിക മേഖലയിൽ കേരള കാലാവസ്ഥാ പ്രതിരോധ കാർഷിക മൂല്യശൃംഖല ആധുനിക വൽക്കരണം എന്ന പുതിയ പദ്ധതി 2024-25 ൽ ലോക ബാങ്ക് വായ്പയോടെ ആ്രംഭിക്കുമെന്ന് ധനമന്ത്രി കെ.എൻ ബാലഗോപാൽ വ്യക്തമാക്കി.

ചെറുകിട കർഷകർ,കാർഷികാധിഷ്ഠിത സൂക്ഷമ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ,ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ,സ്റ്റാർട്ട് അപ്പുകൾ എന്നിവയിലൂടെ കാലാവസ്ഥയ്ക്ക് ഇണങ്ങുന്ന തരത്തിൽ കേരളത്തിലെ ഭക്ഷ്യകാർഷിക മേഖലയുടെ വാണിജ്യവൽക്കരണം പ്രോൽസാഹിപ്പിക്കുകയും അതുവഴി പ്രാദേശിക സാമ്പത്തിക വികസനം ശക്തിപ്പെടുത്തുകയും ചെയ്യുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം.അടുത്ത അഞ്ചു വർഷം കൊണ്ട് 2365 കോടി രൂപ പദ്ധതി വഴി ചെലവിടമെന്നും ധനമന്ത്രി വ്യക്തമാക്കി.

മൂല്യവർധനയുമായി ബന്ധപ്പെട്ട പ്രോജക്ട് ഘടകങ്ങൾ വ്യവസായ വകുപ്പിന്റെ പങ്കാളിത്തത്തോടെ നടപ്പിലാക്കുമെന്നും ധനമന്ത്രി വ്യക്തമാക്കി.പദ്ധതിയ്ക്കായി 100 കോടി രൂപ വകയിരുത്തി. വിള പരിപാലത്തിന് 535.90 കോടി,നെല്ലുൽപ്പാദനം വർധിപ്പിക്കാൻ 93.60 കോടി,വിഷരഹിത പച്ചക്കറികൃഷി വികസനത്തിന് 78.45 കോടി,നാളി കേര വികന പദ്ധതിയ്ക്ക് 65 കോടി,സുഗന്ധവ്യഞ്ജന കൃഷി പ്രോൽസാഹനത്തിന് 4.60 കോടി,ഫലവർഗ്ഗ കൃഷി വിസ്തൃതി വിപുലീകരണത്തിന് 18.92 കോടി ,വിള ഉൽപ്പാദന ക്ഷമത വർധിപ്പിക്കാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസഡ് ക്രോപ് ബ്രീഡിംഗ് സ്ഥാപിക്കും.,വിള ആരോഗ്യ പരിപാലനത്തിന് 13 കോടി,ഫാം യന്ത്രവൽക്കരണ സഹായ പദ്ധതിക്ക് 16.95 കോടി,കുട്ടനാട്ടിൽ വെർട്ടിക്കൽ ആക്സിയൽ ഫ്ളോ പമ്പും മോട്ടോർ തറയും സ്ഥാപിക്കാനും പാടശേഖരങ്ങളുടെ അടിസ്ഥാന വികസനത്തിനുമായി 36 കോടി,വിളവെടുപ്പിനു ശേഷം പരിപാലനത്തിനും മൂല്യവർധനവിനും എട്ടു കോടി,കാർഷികോൽപ്പന്നങ്ങളുടെ കാര്യക്ഷമമായ വിപണനത്തിന് 43.90 കോടി,കാർഷിക സർവ്വകലാശാലയ്ക്ക് 75 കോടി,മണ്ണ്-ജല സംരക്ഷണത്തിന് 83.99 കോടിയും വകയിരുത്തി.

# സൂര്യോദയ സമ്പദ്ഘടന

**തിരുവനന്തപുരം:** കേരളത്തിന്റെ സമ്പദ്ഘടന സൂര്യോദയ സമ്പദ്ഘടനയായി മാറിക്കൊണ്ടിരിക്കുകയാണെന്ന് ധനമന്ത്രി കെ.എൻ ബാലഗോപാൽ. 2024-2025 വർഷത്തെ ബജറ്റ് അവതരിപ്പിച്ചുകൊണ്ട് നടത്തിയ പ്രസംത്തിലാണ് മന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്.



ശാസ്ത്ര സാങ്കേതിക പുരോഗതിയുടെയും ഡിമാന്റിന്റെ ചലനാത്മകതയുടെയും ഉൽപ്പാദന വളർച്ചയുടെയും മുൻനിരയിൽ നിൽക്കുന്ന വികസനത്തുറകളെയാമ് സൂര്യോദയ മേഖലകൾ എന്ന് വിശേഷിപ്പിക്കാറുള്ളത്.സൂര്യാസ്തമയ മേഖലകളാകട്ടെ ഡിമാന്റ് കുറയുന്നതും കാലഹരണപ്പെട്ട സാങ്കേതിക വിദ്യകൾ അടയാളപ്പെടുത്തുന്നതുമായ മേഖലകളാണ്.സൂര്യാസ്തമയ രംഗങ്ങളിൽ നിന്നും സൂര്യോദയ മേഖലകളിലേക്കുള്ള മാറ്റത്തെ നിതാന്തജാഗ്രതയോടെ പ്രോൽസാഹിപ്പിച്ചുകൊണ്ടല്ലാത ഇന്നത്തെ കാലത്ത് ഒരു സമുഹത്തിനും മുന്നോട്ടു പോകാനാകില്ല.നിരന്തര സ്വയം നവീകരണത്തിന്റെ ഈ പ്രക്രിയയിൽ കേരളത്തിന്റെ സ്ഥാനം ഇന്ത്യൻ സ്ഥാനങ്ങൾക്കിടയിൽ മുൻനിരയിലാണ്.കേരളത്തെ മുടിഞ്ഞു പോയ നാടെന്ന് ചിത്രീകരിക്കുന്ന കേരള വിരുദ്ദരം അഗാതമായി നിരാശപ്പെടുത്തുന്ന നേട്ടങ്ങളാണ് ഈ നാട് കൈവരിക്കുന്നതെന്നും ധനമന്ത്രി വ്യക്തമാക്കി.കേരള വികസന മാതൃക അറിയപ്പെടുന്നത് മതനിരപേക്ഷതയുടെയും സമാധാനത്തിന്റെയും സാഹോദര്യത്തിന്റെയും സാമൂഹ്യനീതിയുടെയും ജനങ്ങളുടെ ഉയർന്ന ജീവിത ഗുണനിലവാരത്തിന്റെയും പേരിലാണ്.എട്ടു വർഷം മുമ്പു കണ്ട കേരളമല്ല ഇന്നത്തെ കേരളമെന്നും സംസ്ഥാനം അതിവേഗം നവീകരിക്കപ്പെടുകയാണെന്നും ധനമന്ത്രി വ്യക്തമാക്കി.

# വ്യവസായ മേഖല ഉണർവ്വോടെ മുന്നോട്ടെന്ന് ധനമന്ത്രി

## പുതു സംരംഭങ്ങൾക്ക് 43 കോടി

**കൊച്ചി:** കേരളത്തിന്റെ വ്യവസായ മേഖല കൂടുതൽ ഉണർവ്വോടെ മുന്നോട്ടു പോകുകയാണെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ.2024-2025 സംസ്ഥാന ബജറ്റ് അവതരിപ്പിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കഴിഞ്ഞ വർഷം മാത്രം 1,40,000 സംരംഭങ്ങൾ സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി ആരംഭിച്ചു. ഉയർന്ന വളർച്ചാ സാധ്യതകളുള്ള 22 മേഖലകളിൽ നിക്ഷേപം,നവീകരണം,ഉൽപ്പാദനം എന്നിവ വർധിപ്പിക്കുന്നതിനായി മേക്ക് ഇൻ കേരള പദ്ധതി ആവിഷ്ക്കരിച്ചു.കേരളത്തിലെ വ്യവസായ സൗഹൃദ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുകയാണെന്നും മന്ത്രി വ്യക്തമാക്കി.അന്താരാഷ്ട്രതലത്തിലെ പ്രധാന കമ്പനികൾ കേരളത്തെ തേടിയെത്തുന്നു. വ്യവസായവും ധാതുക്കളും എന്ന മേഖലയുടെ വികനത്തിന് 1729.23 കോടിയും ഇടത്തരവും വലുതുമായ വ്യവസായങ്ങൾക്ക് 773.09 കോടിയും വകയിരുത്തുന്നുവെന്നും ധനമന്ത്രി കെ.എൻ ബാലഗോപാൽ വ്യക്തമാക്കി.

വിദേശ മദ്യം കേരളത്തിൽ ഉൽപ്പാദിപ്പിച്ച് ഇതര സംസ്ഥാനങ്ങളിലേക്കും വിദേശത്തേയ്ക്കും കയറ്റുമതി ചെയ്യുന്നതിനുള്ള സാധ്യതകൾ ഏറെയുണ്ടെന്ന് പഠിച്ച വിദഗ്ദ സമിതി റിപ്പോർട്ട് ചെയ്യുന്നു. കേരള ബ്രാൻഡ് ഉൽപ്പന്നങ്ങളുടെ കയറ്റുമതിയുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകൾ പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ പ്രായോഗികമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമെന്നും ധനമന്ത്രി വ്യക്തമാക്കി.ഗ്രാമീണ ചെറുകിട പദ്ധതികൾക്ക് 215.64 കോടിയും വകയിരുത്തി. ഇതിൽ ചെറുകിട വ്യവസായങ്ങൾക്ക് 204.94 കോടിയും വാണിജ്യമേഖലയ്ക്ക് 6.50 കോടിയും കരകൗശല മേഖലയ്ക്ക് 4.20 കോടിയും ഉൾപ്പെടുന്നു.മുഴുവൻ സ്വയം തൊഴിൽ പദ്ധതികളും സംയോജിപ്പിച്ച് ഒരു കുടക്കീഴിലാക്കുന്നതിനുള്ള സംരംഭക സഹായ പദ്ധതിയ്ക്കായി 58.50 കോടി വകയിരുത്തി.2000 യൂണിറ്റുകളെയാണ് ലക്ഷ്യമിടുന്നത്.സംസ്ഥാനത്ത് ചെറുകിട സംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോൽസാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ അർഹരായ സംരംഭകരുടെ വായ്പാ ബന്ധിത പ്രോജക്ടുകൾക്ക് മാർജിൻ മണി ഗ്രാന്റ് അനുവദിക്കുന്ന പദ്ധതിയ്ക്കായി 17.06 കോടിയും വകയിരുത്തി.പ്രവർത്തന ക്ഷമമായ എം.എസ്.എംഇ യൂണിറ്റുകൾക്ക് സഹായം നൽകുന്നതിനും നിലവിലുള്ള സൂഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തുന്ന പ്രത്യേക പാക്കോജിനുമായി. ധനമന്ത്രി ബജറ്റിൽ വ്യക്തമാക്കുന്നു.



# ബജറ്റ് ഒറ്റനോട്ടത്തിൽ



- 1,38,655 കോടി രൂപ വരവും 1,84,327 കോടി രൂപ ചെലവും പ്രതീ ക്ഷിക്കുന്ന ബജറ്റ്.
- റവന്യൂ കമ്മി 27,846 കോടി രൂപ (സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ 2.12 ശതമാനം)
- ധനക്കമ്മി 44,529 കോടി (ആഭ്യന്തര ഉൽപ്പാദനത്തിന്റെ 3.4 ശതമാനം)
- നികുതി വരുമാനത്തിൽ 7845 കോടി രൂപയുടെയും നികുതിയേതര വരുമാനത്തിൽ 1503 കോടി രൂപയുടെയും വർദ്ധനവ് ലക്ഷ്യമിടുന്നു.
- കിഫ്ബി ഉൾപ്പടെ മൂലധന നിക്ഷേപ മേഖലയിൽ 34,530 കോടിയുടെ വകയിരുത്തൽ
- വിളപരിപാലനത്തിന് 535.90 കോടി.
- ഏഴ് നെല്ലുൽപ്പാദക കാർഷിക ആവാസ യൂണിറ്റുകൾക്ക് 93.60 കോടി.
- വിഷരഹിത പച്ചക്കറി വികസനത്തിന് 78.45 കോടി.
- നാളികേര കൃഷി വികസനത്തിന് 65 കോടി.
- ഫലവർഗ്ഗ കൃഷി വികസനത്തിന് 18.92 കോടി, ഇതിൽ 25 ശതമാനം ഗുണഭോക്താക്കൾ സ്ത്രീകളായിരിക്കും.
- കാർഷികോൽപ്പന്ന വിപണന പദ്ധതിയ്ക്ക് 43.90 കോടി.
- മണ്ണ് ജലസംരക്ഷണത്തിന് 83.99 കോടി.
- മൃഗസംരക്ഷണത്തിന് 277.14 കോടിയുടെ വകയിരുത്തൽ
- മൃഗസംരക്ഷണ പ്രവർത്തനങ്ങൾ വീട്ടുപടിക്കലേക്ക്
- ക്ഷീരവികസന മേഖലയ്ക്ക് 109.25 കോടി
- മത്സ്യബന്ധന മേഖലയ്ക്ക് 227.12 കോടി.
- മത്സ്യത്തൊഴിലാളികളുടെ പഞ്ഞമാസ സമാശ്വാസത്തിന് 22 കോടി.
- ഉൾനാടൻ മത്സ്യമേഖലയ്ക്ക് 80.91 കോടി.
- തീരദേശ വികസനത്തിന് 136.98 കോടി.
- മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാനസൗകര്യ, മാനവശേഷി വികസനത്തിന് 60 കോടി
- മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിന് ഭൂമിയും വീടും നൽകുന്ന പദ്ധതിയ്ക്ക് 10 കോടി.
- തീരദേശ അടിസ്ഥാന സൗകര്യമൊരുക്കാൻ 10 കോടി.
- പുനർഗേഹം പദ്ധതിയുടെ വാർഷിക പ്രവർത്തനങ്ങൾക്ക് 40 കോടി.
- മത്സ്യബന്ധന തുറമുഖങ്ങൾക്കായി 9.5 കോടി.
- മത്സ്യത്തൊഴിലാളി അപകട ഇൻഷുറൻസ് പരിരക്ഷ പദ്ധതിയ്ക്ക് 11.18 കോടി
- മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്കുൾപ്പെടെ 10 കോടി
- പൊഴിയൂരിൽ പുതിയ മത്സ്യബന്ധന തുറമുഖത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് 5 കോടി
- നിർമ്മാണ മേഖലയെ സജീവമാക്കാൻ 1000 കോടി രൂപയുടെ പ്രവർത്തനങ്ങൾ.
- ചന്ദന കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ചന്ദനം സംരക്ഷിക്കുന്നതിനും പ്രത്യേക പദ്ധതി
- വനം വന്യജീവി മേഖലയ്ക്കായി 232.59 കോടി.
- പാരിസ്ഥിതിക പുനരുദ്ധാരണ അടിസ്ഥാന സൗകര്യ വികസന ഫണ്ടിനായി 50.30 കോടി.
- മനുഷ്യവന്യമൃഗ സംരക്ഷണ ലഘൂകരണത്തിന് 48.85 കോടി.
- പുത്തൂർ സുവോളജിക്കൽ പാർക്കിന് 6 കോടി
- കേരള കാലാവസ്ഥ പ്രതിരോധ കാർഷിക മൂല്യ ശ്യംഖല ആധുനികവൽക്കരണ പദ്ധതിയ്ക്ക് സംസ്ഥാന വിഹിതം 100 കോടി. ലോകബാങ്ക് സഹായത്തോടെ 5 വർഷം കൊണ്ട് നടപ്പാക്കുന്ന പദ്ധതിയ്ക്ക് 2365 കോടി രൂപ ചെലവിടും.
- പത്ര പ്രവർത്തകരുടെ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയ്ക്ക് 25 ലക്ഷം.
- നാടുകാണിയിൽ സഫാരി പാർക്കിന് 2 കോടി
- പെരുവണ്ണാമൂഴി മുതുകാടുള്ള 120 ഹെക്ടറിൽ ടൈഗർ സഫാരി പാർക്ക്.
- തദ്ദേശസ്വയംഭരണ സ്ഥാപന പദ്ധതി വിഹിതം സംസ്ഥാന പദ്ധതി അടങ്കലിന്റെ 28.09 ശതമാനമായി ഉയർത്തി. (8532 കോടി വകയിരുത്തൽ)
- ഗ്രാമവികസനത്തിന് 1768.32 കോടി.
- തൊഴിലുറപ്പിൽ 10.50 കോടി തൊഴിൽ ദിനം ലക്ഷ്യം. ഇതിനായി സംസ്ഥാന വിഹിതം 230.10 കോടി.
- 2025 നവംബറോടെ അതിദാരിദ്ര്യരില്ലാത്ത സംസ്ഥാനമായി കേരളം മാറും.
- കുടുംബശ്രീയ്ക്ക് 265 കോടി
- പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് 1736.63കോടി
- ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് 456.71 കോടി.
- പൊതുജനാരോഗ്യ മേഖലയ്ക്ക് 2052.23 കോടി
- 2025 മാർച്ച് 31നകം ലൈഫ് പദ്ധതിയിൽ 5 ലക്ഷം വീടുകളുടെ പൂർത്തീകരണം ലക്ഷ്യം. അടുത്ത വർഷത്തേക്ക് 1132 കോടി രൂപ.
- മുതിർന്ന പൗരന്മാർക്കായി വാർദ്ധക്യ സൗഹൃദ ഭവനം പദ്ധതി.
- എം.എൻ ലക്ഷം വീട് ഭവന പദ്ധതിയിലെ 9004 വീടുകൾ വാസയോഗ്യമാക്കാൻ 10 കോടി.
- കാസർഗോഡ്, ഇടുക്കി, വയനാട് പാക്കേജുകൾക്ക് 75 കോടി വീതം
- ശബരിമല മാസ്റ്റർ പ്ലാനിന് 27.60 കോടി.
- സഹകരണ മേഖലയ്ക്ക് 134.42 കോടി.
- ജലസേചനത്തിനും വെള്ളപ്പൊക്ക നിയന്ത്രണത്തിനും തീര പരിപാലനത്തിനുമായി 588.85 കോടി.
- ഊർജ്ജ മേഖലയ്ക്ക് 1150.76 കോടി (202425)
- സൗരോർജ്ജത്തിലൂടെ ആയിരം മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കൽ ലക്ഷ്യം.
- കെ.എസ്.ആർ.ടി.സിയ്ക്ക് 1120.54 കോടി
- വൈദ്യുതി പദ്ധതിയ്ക്ക് 400 കോടി.
- വ്യവസായവും ധാതുക്കളും മേഖലയ്ക്കായി 1729.13 കോടി.
- ഇടത്തരവും വലുതുമായ വ്യവസായങ്ങൾക്ക് 773.09 കോടി.
- കൊച്ചി മറൈൻ ഡ്രൈവിൽ 2150 കോടി രൂപയുടെ അന്താരാഷ്ട്ര വാണിജ്യ സമുച്ചയം
- കശുവണ്ടി വ്യവസായത്തിന് 53.36 കോടി.
- കശുവണ്ടി ഫാക്ടറി പുനരുദ്ധാരണത്തിന് 2 കോടി
- കാഷ്യൂ ബോർഡിന് റിവോൾവിംഗ് ഫണ്ടായി 40.81 കോടി
- കൈത്തറിയന്ത്രത്തറി മേഖലയ്ക്ക് 51.89 കോടി.
- പൊതുജനങ്ങളുടെ പങ്കാളിത്തത്തോട് കൂടി ആരോഗ്യ സുരക്ഷാ ഫണ്ട് രൂപീകരിക്കും.
- സ്മാർട്ട് സിറ്റി മിഷൻ പദ്ധതിയുടെ നടത്തിപ്പിന് 100 കോടി
- തോട്ടം തൊഴിലാളികളുടെ ദുരിതാശ്വാസ നിധി 1.1കോടി
- കയർ വ്യവസായത്തിന് 107.64 കോടി
- ഖാദി വ്യവസായത്തിന് 14.80 കോടി
- കെ.എസ്.ഐ.ഡി.സിയ്ക്ക് 127.50 കോടി
- നിക്ഷേപ പ്രോത്സാഹന പ്രവർത്തനങ്ങൾക്ക് 22 കോടി.
- സ്റ്റാർട്ടപ്പ് സപ്പോർട്ട് ഉദ്യമങ്ങൾക്കായി 6 കോടി
- 2 ലക്ഷം രൂപ വരെ പരിരക്ഷ ലഭിക്കുന്ന രീതിയിൽ അങ്കണവാടി ജീവനക്കാർക്ക് പുതിയ ആരോഗ്യ ഇൻഷുറൻസ് പദ്ധതി.
- ധനകാര്യ വകുപ്പിന് കീഴിലുള്ള വിവിധ ഓഫീസുകൾക്കായി ഓഫീസ് കോംപ്ലക്സ് തിരുവനന്തപുരത്ത് നിർമ്മിക്കും.

74. സർക്കാർ ജീവനക്കാർക്ക് അവർ വിരമിച്ച ശേഷം മാസം തോറും ഒരു നിശ്ചിത തുക ലഭ്യമാക്കുന്ന തരത്തിൽ അന്വിറ്റി എന്ന പുതിയ പദ്ധതി നടപ്പിലാക്കും.
75. ലൈഫ് സയൻസ് പാർക്കിന് 35 കോടി.
76. കേരള റബ്ബർ ലിമിറ്റഡിന് 9കോടി

- വൻകിട പശ്ചാത്തല വികസന പദ്ധതികൾക്കായി 300.73 കോടി
- കിൻഫ്രയ്ക്ക് 324.31 കോടി
- കെൽട്രോണിന് 20 കോടി
- വിവരസാങ്കേതിക മേഖലയ്ക്ക് 507.14 കോടി
- കേരള സ്പേസ് പാർക്കിന് 52.50 കോടി.
- സംസ്ഥാനത്ത് ആകമാനം 2000 വൈഫൈ ഹോട്ട്സ്പോട്ടുകൾ കൂടി
- കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയ്ക്ക് 23.51 കോടി
- ഗ്രാഫീൻ അധിഷ്ഠിത ഉൽപ്പന്ന വികസനത്തിന് 260 കോടി
- ഗതാഗത മേഖലയ്ക്ക് 1976.04 കോടി.
- കൊല്ലം തുറമുഖം പ്രധാന നോൺ മേജർ തുറമുഖമാക്കി വികസിപ്പിക്കും.
- സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ഒരു ഗഡു ഡി.എ അനുവദിക്കും. ഏപ്രിൽ മാസത്തെ ശമ്പളത്തോടൊപ്പം ലഭിക്കും.
- പങ്കാളിത്ത പെൻഷൻ പദ്ധതിയ്ക്ക് പകരം അഷ്വേർഡ് പെൻഷൻ പദ്ധതി.
- റബ്ബർ സബ്സിഡി 180 രൂപയാക്കി ഉയർത്തി.
- നഗര വികസന പരിപാടികൾക്ക് 961.14 കോടി.
- ബി.ഡി, ഖാദി, മുള, ചൂരൽ, മത്സ്യബന്ധനവും സംസ്കരണവും കശുവണ്ടി, കയർ, തഴപ്പായ കരകൗശല നിർമ്മാണ തൊഴിലാളികൾക്ക് ധനസഹായത്തിന് 90 കോടി.
- പട്ടിക ജാതി ഉപ പദ്ധതിയ്ക്ക് 2979.40 കോടി.
- പട്ടിക വർഗ്ഗ വികസനത്തിന് 859.50 കോടി.

# കൊച്ചിയിൽ അന്താരാഷ്ട്ര വാണിജ്യ ഭവന സമുച്ചയം; വ്യവസായ ഇടനാഴി പദ്ധതിക്ക് 200 കോടി

**കൊച്ചി:** ധനമന്ത്രി കെ.എൻ. ബാലഗോപാൽ നിയമസഭയിൽ അവതരിപ്പിച്ച സംസ്ഥാന ബജറ്റ് 2024ൽ എറണാകുളം ജില്ലയെയും കൊച്ചി നഗരത്തെയും ചേർത്തുപിടിച്ച് സർക്കാർ. ജില്ലയുടെ വാണിജ്യ, വ്യവസായ മേഖലയുടെയും അടിസ്ഥാന സൗകര്യ വികസന മേഖലയുടെയും ഒപ്പം നിൽക്കുന്ന ബജറ്റാണ് സർക്കാർ അവതരിപ്പിച്ചിരിക്കുന്നത്. എറണാകുളം ജില്ലയുടെ വികസനക്കുതിപ്പിന് ഏറെ സഹായകരമായ ബജറ്റാണ് അവതരിപ്പിച്ചിരിക്കുന്നതെന്ന് വ്യവസായ മന്ത്രി പി. രാജീവ് പറഞ്ഞു. കൊച്ചി മറൈൻ ഡ്രൈവിൽ ഭവന നിർമ്മാണ ബോർഡ് നാഷണൽ ബിൽഡിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡുമായി ചേർന്ന് 359000 ചതുരശ്ര അടി വിസ്തീർണമുള്ള വാണിജ്യ സമുച്ചയവും 3524337 ചതുരശ്ര അടി വിസ്തീർണമുള്ള റസിഡൻഷ്യൽ കോംപ്ലക്സും പരിസ്ഥിതി സൗഹൃദ പാർക്കുകളും 1942000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പാർക്കിംഗ് സൗകര്യവും ഉൾപ്പെടുത്തി 2150 കോടി രൂപ ചെലവിൽ അന്താരാഷ്ട്ര വാണിജ്യ ഭവന സമുച്ചയം നിർമ്മിക്കും.കൊച്ചി നഗരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ഓപ്പറേഷൻ ബ്രേക്ക് ത്രൂ പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾക്ക് 10 കോടി രൂപ അനുവദിച്ചു.കൊച്ചി ബംഗളൂരു വ്യവസായ ഇടനാഴി പദ്ധതിക്ക് 200 കോടി വകയിരുത്തി. ഭക്ഷ്യ സംസ്കരണം, ലൈറ്റ് എഞ്ചിനീയറിംഗ്, ജ്വല്ലറി, പ്ലാസ്റ്റിക്, ഇമാലിന്യങ്ങളും മറ്റ് ഖരമാലിന്യങ്ങളുടെയും പുനരുപയോഗം, എണ്ണവാതക ഇന്ധനങ്ങൾ, ഇലക്ട്രോണിക്സ്, ഐ.ടി, ലോജിസ്റ്റിക്, ഓട്ടോമോട്ടീവ് തുടങ്ങിയ മേഖലകളിൽ ക്ലസ്റ്ററുകൾ വികസിപ്പിക്കാനാണ് ഇടനാഴിയുടെ ഭാഗമായി ലക്ഷ്യമിടുന്നത്.

കൊച്ചി മെട്രോ റെയിലിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ വിദേശ വായ്പാ സഹായത്തോടെ നടപ്പാക്കും. ഇതിനായി 239 കോടി രൂപ വകയിരുത്തി. സുരക്ഷിത നടപ്പാതകൾ, സൈക്കിൾ ട്രാക്കുകൾ, ഡോക്കിംഗ് സൗകര്യം എന്നിവയിലൂടെ യാത്രക്കാർക്ക് മെട്രോ സ്റ്റേഷനുകളിൽ അനായാസ പ്രവേശനം സാധ്യമാക്കുന്നത് ലക്ഷ്യമിട്ടുള്ള മോട്ടോർ ഇതര ഗതാഗത പദ്ധതി വിദേശ വായ്പാ സഹായത്തോടെ നടപ്പാക്കും. ഇതിനായി 91 കോടി വകയിരുത്തി.

ദേശീയ അന്തർദേശീയ ഇവന്റുകൾക്ക് വേദിയാകാൻ കഴിയും വിധം കൺവെൻഷൻ സെന്ററുകൾ വികസിപ്പിക്കാൻ പ്രോത്സാഹനം നൽകും. 20 ഡെസ്റ്റിനേഷനുകളിലെങ്കിലും 500 ലധികം പേർക്ക് ഒരുമിച്ച് വരാനും കൂടിച്ചേരാനുമുള്ള സൗകര്യങ്ങൾ സജ്ജമാക്കാൻ സർക്കാരിനെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും സ്വകാര്യ മേഖലയെയും കൂട്ടി യോജിപ്പിച്ച് പ്രത്യേക പദ്ധതി തയാറാക്കും. പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ കൊച്ചിയെയും ഉൾപ്പെടുത്തി. ഇതിനായി 50 കോടി വകയിരുത്തി. വർക്കല, കൊല്ലം, മൺറോ തുരുത്ത്, ആലപ്പുഴ, മൂന്നാർ, പൊന്നാനി, ബേപ്പൂർ, കോഴിക്കോട്, കണ്ണൂർ, ബേക്കൽ എന്നിവിടങ്ങളിലും പദ്ധതി യാഥാർഥ്യമാക്കും.കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിന് 14.50 കോടി രൂപ വകയിരുത്തി.

പെട്രോ കെമിക്കൽ പാർക്ക് ആരംഭിക്കുന്നതിന് കൊച്ചിയിൽ ബിപിസിഎല്ലിനോട് ചേർന്ന് 600 ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. അതിൽ 481 ഏക്കർ കിൻഫ്രക്ക് കൈമാറി രജിസ്ട്രേഷൻ പൂർത്തിയാക്കി. ഇതിൽ നിന്ന് 170 ഏക്കർ ഭൂമി ബിപിസിഎല്ലിന് കൈമാറി. പെട്രോ കെമിക്കൽ പാർക്കിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് 13 കോടി വകയിരുത്തി.കാക്കനാട് കിൻഫ്രയുടെ എക്സിബിഷൻ സെന്ററിന് 12.50 കോടി വകയിരുത്തി.

കൊച്ചിയിൽ സ്ഥാപിക്കുന്ന ഇന്ത്യ ഇന്നവേഷൻ സെന്റർ ഫോർ ഗ്രഫീനു വേണ്ടി അഞ്ച് കോടി രൂപ വകയിരുത്തി.

കളമശേരി കിൻഫ്ര ഹൈടെക് പാർക്കിൽ ടെക്നോളജി ഇന്നൊവേഷൻ സോൺ സ്ഥാപിക്കുന്നതിന് 20 കോടി.ഇൻഫോപാർക്കിന്റെ പ്രവർത്തനങ്ങൾക്കായി 26.70 കോടി രൂപ വകയിരുത്തി.കൊച്ചി നഗരത്തിൽ മ്യൂസിയം കൾച്ചറൽ കോംപ്ലക്സ് നിർമ്മാണത്തിനായി അഞ്ച് കോടി രൂപ വകയിരുത്തി. ജിസിഡിഎയ്ക്ക് മൂന്ന് കോടി രൂപ വകയിരുത്തി.ഇന്ത്യയിലെ ഏറവും പഴക്കമുള്ള ബിസിനസ് സ്കൂളുകളിൽ ഒന്നായ കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിന്റെ വജ്ര ജൂബിലി പ്രമാണിച്ച് പ്രത്യേക സഹായമായി ഒരു കോടി രൂപ അനുവദിച്ചു.എറണാകുളം ഉൾപ്പടെയുള്ള റീജിയണൽ ലബോറട്ടറികൾ നവീകരിക്കുന്നതിനും പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിനും ഏഴ് കോടി രൂപ വകയിരുത്തി. കേരള പബ്ലിക് സർവീസ് കമ്മീഷന്റെ എറണാകുളം ഉൾപ്പടെയുള്ള ജില്ലാ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ആകെ 5.24 കോടി രൂപ നീക്കിവെച്ചു. കൊല്ലം, ആലപ്പുഴ, ഇടുക്കി, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകൾക്കുമായാണ് തുക അനുവദിച്ചത്. കളമശേരിയിൽ ഹൈക്കോടതിയും അനുബന്ധ ജുഡീഷ്യൽ ഓഫീസുകളും ഉൾക്കൊളളുന്ന ജുഡീഷ്യൽ സിറ്റി സ്ഥാപിക്കും. ഹൈക്കോടതി, സബോർഡിനേറ്റ് കോടതികൾ, കേരള ജുഡീഷ്യൽ അക്കാദമി ആധുനികവത്കരണത്തിലൂടെ കോടികളുടെ സുരക്ഷ വർധിപ്പിക്കുന്നതിനും മെച്ചപ്പെട്ട പ്രവർത്തനാന്തരീക്ഷം സൃഷ്ടിക്കുന്നതിനുമായി നടപ്പാക്കുന്ന പദ്ധതിയുടെ വിവിധ ഘടകങ്ങൾക്കായി 15.04 കോടി വകയിരുത്തി. വിവര വിനിമയ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഹൈക്കോടതിയെയും കീഴ്ക്കോടതികളെയും ആധുനികവത്കരി ുന്നതിന് 202425 സാമ്പത്തിക വർഷം 3.30 കോടി രൂപ നീക്കിവച്ചു. ഇടമലയാർ ജലസേചന പദ്ധതിയുടെ വിഹിതം മുൻവർഷത്തെ 10 കോടിയിൽ നിന്നും 35 കോടിയായി ഉയർത്തി. ആർഐഡിഎഫ് വായ്പ ഉൾപ്പടെ മുവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതിക്ക് 12 കോടി രൂപ വകയിരുത്തി.എല്ലാ ജില്ലകളിലും ഇ വെഹിക്കിൾ ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് കെഎസ്ഇബിക്ക് വകയിരുത്തിയത് 7.40 കോടി രൂപ. ഇടമൺകൊച്ചി ഹൈ ടെൻഷൻ ലൈനുകളുടെ നഷ്ടപരിഹാര പാക്കേജിന് 20 കോടി. പൂകലൂർമാടക്കത്തറ ലൈനുകൾക്കും കൂടിയാണിത്. കൊച്ചി ഉൾപ്പടെയുള്ള നാല് ഡെസ്റ്റിനേഷനുകളിൽ ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്ററുകൾ, റസ്റ്ററന്റുകൾ, ചെറു വിനോദ ഇടങ്ങൾ എന്നിവ ഉൾപ്പെടുന്ന മിനി മറീനകളും യാട്ട് ഹബ്ബുകളും വികസിപ്പിക്കും.സ്മാർട്ട് സിറ്റി മിഷൻ പദ്ധതി സംസ്ഥാന വിഹിതമായി 100 കോടി രൂപ വകയിരുത്തി.വിഴിഞ്ഞം പോർട്ട്, കൊച്ചി മെട്രോ, കണ്ണൂർ എയർപോർട്ട് തുടങ്ങിയ പദ്ധതികളുടെ നിർവഹണത്തിന് ആകെ 300.73 കോടി വകയിരുത്തി.

## സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്തുന്ന സമ്മിശ്ര ബജറ്റ്

**ഡോ.എം.ഐ സഹദുള്ള**
(ഫിക്കി കേരള സ്റ്റേറ്റ് കൗൺസിൽ ചെയർമാൻ)

കൊച്ചി: കേരള ധനമന്ത്രി കെ എൻ ബാലഗോപാൽ കേരള നിയമസഭയിൽ അവതരിപ്പിച്ച 202425 ലെ കേരള ബജറ്റ് സമ്പദ്വ്യവസ്ഥയുടെ വളർച്ചയുടെ പ്രധാന മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള ഒരു സമ്മിശ്ര ബജറ്റാണെന്നും അതേസമയം തിരഞ്ഞെടുത്ത മേഖലകളിലെ നികുതി വർദ്ധന സംസ്ഥാനത്തെ പ്രതികൂലമായി ബാധിക്കുമെന്നും ഫിക്കി കേരള സ്റ്റേറ്റ് കൗൺസിൽ ചെയർമാൻ ഡോ.എം.ഐ സഹദുള്ള. സ്റ്റാർട്ടപ്പുകൾ, വിഴിഞ്ഞം തുറമുഖത്തിനായും സമീപം പ്രദേശങ്ങൾക്കായും അടിസ്ഥാന സൗകര്യങ്ങൾ, റോഡ് വികസനം, വെസ്റ്റ് കോസ്റ്റ് കനാൽ പദ്ധതിയുടെ വികസനം, വൈദഗ്ധ്യം, ഐടി, ഊർജ മേഖല, പ്രാദേശിക ടൂറിസം കേന്ദ്രത്തിന്റെ പ്രോത്സാഹനം എന്നിവ അഭിനന്ദനാർഹമാണെന്ന് ഡോ.എം.ഐ. സഹദുള്ള പറഞ്ഞു. കേരളത്തിലെ വ്യാവസായിക മേഖല പുതിയ ഉണർവോടെ മുന്നേറുകയാണ്. വ്യവസായ, മിനറൽ മേഖലകൾക്കായി 1729.13 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സബ്സിഡിയും പ്രോത്സാഹനവും നൽകി ടൂറിസം മേഖലയിൽ സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിലൂടെ അടിസ്ഥാന സൗകര്യ വികസനവും ടൂറിസം ഉൽപന്നങ്ങളുടെ ലഭ്യതയും ഉറപ്പാക്കുന്ന പദ്ധതി, അരൂർ ചന്തിരൂർ മേഖലകളിൽ മത്സ്യബന്ധന മേഖലയുടെ ശരിയായ പ്രവർത്തനത്തിനായി സ്ഥാപിച്ചിട്ടുള്ള കടൽ ഭക്ഷ്യ മേഖലയ്ക്കായി പൊതു മലിനജല സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ എന്നിവ അഭിനന്ദനാർഹമാണ്. മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി നോർക്കയുടെ കീഴിൽ പ്രത്യേക പാക്കേജ് സജ്ജീകരിക്കുന്നത് അഭിനന്ദനാർഹമാണ്. ഇലക്ട്രിസിറ്റി, ടൂറിസ്റ്റ് മോട്ടോർ വെഹിക്കിൾ ടാക്സ് എന്നിവയിൽ നിർദിഷ്ട വർദ്ധന പുനഃപരിശോധിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

### ഉൽപ്പാദന മേഖലയ്ക്ക് ഊന്നൽ

**പി. വി. ജോയ്**
(സീനിയർ വൈസ് പ്രസിഡന്റ്, ഫെഡറൽ ബാങ്ക്)

കൊച്ചി: ഉൽപ്പാദന മേഖലയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ടും സൺറൈസ് മേഖലകളിൽ സ്വകാര്യസംരംഭങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടും വളർച്ച കൈവരിക്കാനുള്ള ശ്രമമാണ് ബഡ്ജറ്റിൽ കാണാൻ സാധിക്കുന്നത്. മേക്ക് ഇൻ കേരള, സ്വകാര്യ വ്യവസായ സാമ്പത്തിക പാർക്കുകൾ, കൃഷി, വിനോദസഞ്ചാരം, ഗ്രാമീണ അടിസ്ഥാനസൗകര്യം എന്നീ മേഖലകൾക്കു തുക വകവച്ചിട്ടുണ്ട് എന്നതു ശ്രദ്ധേയമാണ്. കോഴിക്കോട്, തിരുവനന്തപുരം ലൈറ്റ് മെട്രോ, കൊച്ചി വാട്ടർ മെട്രോ തുടങ്ങിയ അടിസ്ഥാന സൗകര്യവികസനത്തിനുള്ള ഊന്നൽ സർക്കാരിന്റെ പ്രതിബദ്ധതയാണ് വ്യക്തമാക്കുന്നത്. ഭൂമിയുടെ ന്യായവില പരിഷ്കരണം, നദികളിലെ മണൽ വാരലിന് അനുമതി നൽകൽ, സ്റ്റാംപ് ഡ്യൂട്ടിയിലെ പരിഷ്കരണം, ഏടാ ആംനെസ്റ്റി തുടങ്ങിയ നടപടികളിലൂടെ അധികവിഭവ സമാഹരണവും ബഡ്ജറ്റ് ലക്ഷ്യമിടുന്നു.

### ഉന്നത വിദ്യാഭ്യാസ നിക്ഷേപക നയം സ്വാഗതാർഹം

**ടോം ജോസഫ്**
(ജെയിൻ ഡീംഡ് ടു ബി യൂണിവേഴ്സിറ്റി ഡയറക്ടർ)

കൊച്ചി: സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്ന ഉന്നത വിദ്യാഭ്യാസ രംഗത്ത് സ്വകാര്യ നിക്ഷേപകരുടെ കടന്നുവരവിനെ പ്രോത്സാഹിപ്പിക്കുന്ന ഉന്നത വിദ്യാഭ്യാസ നിക്ഷേപക നയത്തെ രാജ്യത്തെ പ്രമുഖ സ്വകാര്യ സർവ്വകലാശാലയായ ജെയിൻ ഡീംഡ് ടു ബി യൂണിവേഴ്സിറ്റി സ്വാഗതം ചെയ്തു. ഉന്നത വിദ്യാഭ്യാസ രംഗത്ത് സ്വകാര്യ നിക്ഷേപത്തിന് അനുകൂലമായ നിലപാട് കേന്ദ്രസർക്കാർ നേരത്തെ തന്നെ സ്വീകരിച്ചിരുന്നു.

വിദേശ സർവകലാശാലകളുടെ ക്യാമ്പസ് സംസ്ഥാനത്ത് തുടങ്ങുന്നതിന് അനുമതി നൽകുന്നത് പരിഗണിക്കുമെന്ന ധനമന്ത്രിയുടെ പ്രഖ്യാപനം സ്വാഗതാർഹമാണ്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ അനുകൂലമായ നിലപാട് സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും ടോം ജോസഫ് പറഞ്ഞു. ഇത് കേരളത്തിലെ വിദ്യാർഥികൾക്ക് വിദേശ ബിരുദങ്ങൾ ഇവിടെ തന്നെ ലഭിക്കാൻ അവസരമൊരുക്കും. ഇതിലൂടെ വിദേശത്ത് പോയി പഠിക്കുന്നതിന്റെ വലിയ സാമ്പത്തിക ബാധ്യത വിദ്യാർഥികൾക്ക് ഒഴിവാക്കാനാകുമെന്നതിന് പുറമേ സംസ്ഥാനത്തിന് പുതിയ വരുമാന സ്രോതസ്സ് തുറന്നുകിട്ടുകയും ചെയ്യുമെന്നും ടോംജോസഫ് പറഞ്ഞു.

## ഡിജിറ്റൽ യൂണിവേഴ്സിറ്റിയിൽ 250 കോടിയുടെ വികസന പദ്ധതികൾ

**തിരുവനന്തപുരം:** ഡിജിറ്റൽ യൂണിവേഴ്സിറ്റിയിൽ 250 കോടിയുടെ വികസന പദ്ധതികൾ നടപ്പിലാക്കുമെന്ന് ധനമന്ത്രി കെ.എൻ ബാലഗോപാൽ വ്യക്തമാക്കി.എ.ഐ പ്രോസസ്സർ വികസിപ്പിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സർവ്വകലാശാലയാണ് ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള.ഇതിനോടകം 16 പേറ്റന്റുകൾ ഡിജിറ്റൽ സർവ്വകലാശാലയ്ക്ക് ലഭിച്ചുകഴിഞ്ഞു. ന്യൂറോ സയൻസിൽ ഗവേഷണം പ്രോൽസാഹിപ്പിക്കുന്നതിനായി കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയിൽ ബ്രെയിൻ കമ്പ്യൂട്ടിംഗ് ലാബ് സ്ഥാപിച്ചു കഴിഞ്ഞു. നോബൽ സമ്മാന ജേതാവും ഗ്രാഫിന്റെ ഉപജ്ഞാതാവുമായ സർ ആന്ദ്രേ ഗിം ഡിജിറ്റൽ യൂണിവേഴ്സിറ്റിയിൽ വിസിറ്റിംഗ് പ്രൊഫസറായി ചേർന്നത് വലിയ നേട്ടമാണെന്നും ധനമന്ത്രി വ്യക്തമാക്കി.സ്ഥാപിതമായി മൂന്നു വർഷത്തിനകം തന്നെ 200 കോടിയുടെ സഹായം ദേശീയ അന്തർദേശീയ ഏജൻസികളിൽ നിന്നായി സമാഹരിക്കാൻ ഡിജിറ്റൽ സർവ്വകലാശാലയ്ക്ക് സാധിച്ചു. 80 ലധികം സ്റ്റാർട്ട് അപ്പുകൾക്ക് സഹായം നൽകുന്നതിലൂടെ ഹാർഡ് വെയർ ഉൽപ്പന്നങ്ങളുടെ രാജ്യത്തെ ഏറ്റവും വലിയ ഇൻക്യുബേറ്ററായി ഡിജിറ്റൽ സർവ്വകലാശാലയ്ക്ക് മാറാൻ സാധിച്ചു. പ്രവർത്തനം തുടങ്ങി ആദ്യ വർഷം മുതൽ വരുമാനമുണ്ടാക്കുകയും സ്വയം പര്യാപ്തവുമായിക്കൊണ്ടിരിക്കുന്ന സ്ഥാപനമെന്ന നിലയിൽ വായ്പ്പകൾ എടുക്കാൻ സർവ്വകലാശാലയ്ക്ക് അനുമതി നൽകും. വായ്പകൾക്ക് പലിശയിളവ് സർക്കാർ നൽകും.

# ബായ് സ്പോർട്ട്സ് ലീഗ് സംഘടിപ്പിച്ചു

**കൊച്ചി:** ബിൽഡേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ (ബായ്) കൊച്ചിൻ സെന്റർ ബായ് സ്പോർട്ട്സ് ലീഗ് രണ്ടാം എഡിഷൻ സംഘടിപ്പിച്ചു. ഹൈബി ഈഡൻ എം.പി ഉദ്ഘാടനം ചെയ്തു. ബായ് സ്റ്റേറ്റ് ചെയർമാൻ ജോളി വർഗീസ്, മുൻ ദേശീയ പ്രസിഡന്റ് ചെറിയാൻ വർക്കി, കൊച്ചിൻ സെന്റർ ചെയർമാൻ എസ് . സുനിൽകുമാർ, വൈസ് ചെയർമാൻ അനിൽ ജോസഫ് എന്നിവർ പങ്കെടുത്തു. ഫുട്ബോൾ, ബാഡ്മിന്റൺ, ടേബിൾ ടെന്നീസ്, ക്രിക്കറ്റ്, വടംവലി മത്സരങ്ങളിൽ കേരളത്തിലെ 18 സെന്ററുകളിൽ നിന്നായി 350 ഓളം അംഗങ്ങൾ പങ്കെടുത്തു. കാക്കനാട് യുണൈറ്റഡ് സ്പോർട്ട്സ് സെന്ററിലാണ് മത്സരങ്ങൾ സംഘടിപ്പിച്ചത്.

# ഒബിസിറ്റി സർജന്മാരുടെ ദേശീയ സമ്മേളനം

**കൊച്ചി:** ഒബിസിറ്റി സർജറി സൊസൈറ്റി ഓഫ് ഇന്ത്യയുടെ 21ാം ദേശീയ സമ്മേളനം ഫെബ്രുവരി ഏഴ് മുതൽ പത്ത് വരെ കൊച്ചി ലേ മെറിഡിയനിൽ നടക്കും. കേരളത്തിൽ ആദ്യമായി നടക്കുന്ന ഒബിസിറ്റി സർജന്മാരുടെ സമ്മേളനം വി.പി.എസ് ലേക്ഷോർ ആശുപത്രിയുടെ മിനിമലി ഇൻവേസീവ് സർജറി വിഭാഗം, കീഹോൾ ക്ലിനിക്, വെർവൻഡൈൻ ഇൻസ്റ്റിറ്റ്യൂട്ട്, അസോസിയേഷൻ ഓഫ് സർജൻസ് ഓഫ് ഇന്ത്യ എന്നിവർ സംയുക്തമായാണ് സംഘടിപ്പിക്കുന്നത്.ഏഴിന് ഇന്റർനാഷണൽ സൊസൈറ്റി ഓഫ് സർജൻസ് ഫോർ ഒബിസിറ്റി പ്രസിഡന്റ് ഡോ. ഗർഹാൾഡ് പ്രാഗർ(വിയന്ന) സമ്മേളനം ഉദ്ഘാടനം ചെയ്യും. സംഘാടക സമിതി ചെയർമാൻ ഡോ. ആർ പത്മകുമാർ അധ്യക്ഷത വഹിക്കും.ലേക്ഷോർ എം.ഡി എസ്.കെ അബ്ദുള്ള, അമേരിക്കൻ ബായാട്രിക് സൊസൈറ്റി അദ്ധ്യക്ഷ ഡോ. മറിനാ കുര്യൻ, മെറ്റബോളിക് സർജറി ഉപജ്ഞാതാവ് ഡോ. ഓറിയോ ഡിപോള (ബ്രസീൽ), ബ്രിട്ടീഷ് ഒബിസിറ്റി സൊസൈറ്റി അധ്യക്ഷൻ ഡോ. ജിം ബെറിൻ എന്നിവർ മുഖ്യപ്രഭാഷണം നടത്തും. ഒബിസിറ്റി സർജറി സൊസൈറ്റി ഓഫ് ഇന്ത്യ ദേശീയ പ്രസിഡന്റ് ഡോ. പ്രവീൺ രാജ് അധ്യക്ഷ പ്രസംഗം നടത്തും.ന്ത്യയിലെയും വിദേശത്തെയും മുന്നൂറിലേറെ ഒബിസിറ്റി വിദഗ്ധർ സമ്മേളനത്തിൽ പങ്കെടുക്കും. ഇന്റർനാഷണൽ ലക്ചേഴ്സ് വിഭാഗത്തിൽ ഇരുന്നൂറിലധികം പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെടും. ഇതിൽ നൂറ്റമ്പത് പ്രബന്ധങ്ങൾ ഇന്ത്യയിൽ നിന്നുള്ളവയാണ്. ഫെബ്രുവരി ഏഴിന് വി.പി.എസ് ലേക്ഷോർ ആശുപത്രിയിൽ നടക്കുന്ന പ്രീകോൺഫറൻസ് സെമിനാറുകളിൽ ഒബിസിറ്റി മേഖലയിലെ എല്ലാ വിഭാഗം വിദഗ്ധരും പങ്കെടുക്കും. അന്ന് വൈകിട്ട് യുവ സർജന്മാർക്ക് വേണ്ടി പ്രായോഗിക പരിശീലനത്തിനും സജ്ജീകരണങ്ങൾ ചെയ്തിട്ടുണ്ട്.

8, 9, 10 തിയതികളിലെ സമ്മേളനം ലേ മെറിഡിയൻ കൺവെൻഷൻ സെന്ററിൽ വിവിധ ശസ്ത്രീയ സമ്മേളനങ്ങളോടെ നടത്തപ്പെടും. ഒബിസിറ്റി നിയന്ത്രത്തിലാക്കാനുള്ള മരുന്നുകൾ ജീവിതചര്യകൾ, ബലൂൺ ശസ്ത്രക്രിയകൾ, ശസ്ത്രക്രിയകൾ എന്നിവയിൽ അന്താരാഷ്ട്ര തലത്തിൽ വന്നിട്ടുള്ള പുരോഗതികൾ എല്ലാവരിലും എത്തിക്കുകയും ജനങ്ങൾക്ക് അവയുടെ പ്രയോജനം ലഭ്യമാക്കുകയുമാണ് ഈ സമ്മേളനത്തിലൂടെ ലക്ഷ്യമിടുന്നതെന്ന് ഓർഗനൈസിംഗ് ചെയർമാൻ ഡോ. ആർ പത്മകുമാർ, സെക്രട്ടറി ഡോ. മധുകർ പൈ, കോൺഫറൻസ് മാനേജർ പ്രേംന സുബിൻ എന്നിവർ അറിയിച്ചു.

# ആക്സ് ക്യുഎക്സ് അവതരിപ്പിച്ചു

**കൊച്ചി:** ആർട്ടിഫിഷ്യൽ ജനറൽ ഇൻറലിജൻസ് (എജിഐ) രംഗത്തെ മുൻനിരക്കാരായ ക്യുഎക്സ് ലാബ് എഐ ഇന്ത്യയിലെ പൊതുജനങ്ങൾക്ക് നിർമ്മിത ബുദ്ധി പ്രയോജനപ്പെടുത്താനായി ലോകത്തിലെ ആദ്യ ഹൈബ്രിഡ് ജനറേറ്റീവ് എഐ പ്ലാറ്റ്ഫോമായ ആസ്ക് ക്യുഎക്സ് അവതരിപ്പിച്ചു. നോഡ് അധിഷ്ഠിത ആർക്കിടെക്ചർ ലഭ്യമാകുന്ന ആദ്യ സംവിധാനമെന്ന നിലയിൽ ആക്സ് ക്യുഎക്സ് 100ലേറെ ഭാഷകളിലാവും പ്രയോജനപ്പെടുത്താനാവുകയെന്ന് അധികൃതർ അറിയിച്ചു.

ഇതിൽ 12 എണ്ണം ഇന്ത്യൻ ഭാഷകളാണ്.മലയാളം, ഹിന്ദി, ബംഗാളി, തെലുഗു, മറാത്തി, തമിഴ്, ഉറുദു, ഗുജറാത്തി, കന്നഡ, ഒഡിയ, പഞ്ചാബി, ആസാമീസ് എന്നിവയാണ് വെബ് പ്ലാറ്റ്ഫോമിലും ആപ്പിലും ലഭ്യമായിട്ടുള്ള 12 ഇന്ത്യൻ ഭാഷകൾ. ആസ്ക് ക്യുഎക്സ് ഇംഗ്ലീഷിനു പുറമെ അറബിക്, ഫ്രഞ്ച്, സ്പാനീഷ്, ജാപനീസ്, ജർമൻ, ഇറ്റാലിയൻ, കൊറിയൻ, പോർച്ചുഗീസ്, റഷ്യൻ, സിൻഹള തുടങ്ങി നിരവധി ആഗോള ഭാഷകളിലും ലഭ്യമാണ്.ടെക്സ്റ്റ്, ഓഡിയോ ഫോർമാറ്റുകൾ ഉടൻ തന്നെ ലഭ്യമാകുന്ന ഇതിൽ 2024ൻറെ ആദ്യ ത്രൈമാസത്തിൽ തന്നെ ഇമേജുകളും ചിത്രങ്ങളും പ്രവർത്തിച്ചു തുടങ്ങും. ഭാരതിനായി ജെൻ എഐ സംവിധാനം ലഭ്യമാക്കുന്ന ആദ്യ നീക്കമാണ് ക്യുഎക്സ് ലാബ് എഐ നടത്തുന്നതെന്നും അധികൃതർ വ്യക്തമാക്കി.

ഇന്ത്യയിൽ ഇതിനകം ലഭ്യമായിട്ടുള്ള ആസ്ക് ക്യുഎക്സ് വെബ്, പ്ലേ സ്റ്റോറിലെ മൊബൈൽ ആപ്പ് തുടങ്ങി വിവിധ സംവിധാനങ്ങളിൽ ലഭ്യമാണ്.




# ഇന്ത്യാ ബോട്ട് ആൻഡ് മറൈൻ ഷോ എട്ടു മുതൽ കൊച്ചിയിൽ

**കൊച്ചി:** രാജ്യത്തെ പ്രമുഖ ബോട്ടിംഗ്, മറൈൻ, വാട്ടർസ്പോർട്സ് വ്യവസായങ്ങളുടെ പ്രദർശനമായി വളർന്ന ഇന്ത്യാ ബോട്ട് ആൻഡ് മറൈൻ ഷോയുടെ (ഐബിഎംഎസ്) ആറാമത് പതിപ്പ് കൊച്ചി ബോൾഗാട്ടി പാലസ് ഇവന്റ് സെന്ററിൽ ഫെബ്രുവരി 8 മുതൽ 10 വരെ നടക്കുമെന്ന് സംഘാടകർ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

കൊച്ചിയെ ഷിപ്പ് റിപ്പയർ, ഷിപ്പ് ബിൽഡിംഗ് വ്യവസായങ്ങളുടെ ഹബ്ബാക്കാൻ പോന്ന 4000 കോടി രൂപയുടെ പദ്ധതികൾ കൊച്ചിൻ ഷിപ്പ് യാർഡ് ആസ്ഥാനമായി കഴിഞ്ഞ മാസം ഉദ്ഘാടനം ചെയ്തതതിന്റെ പശ്ചാത്തലത്തിൽ ഐബിഎംസിന്റെ ആറാമത് പതിപ്പിന് വർധിച്ച പ്രസക്തിയുണ്ടെന്ന് സംഘാടകരായ ക്രൂസ് എക്സ്പോസ് ഡയറക്ടർ ജോസഫ് കുര്യാക്കോസ് പറഞ്ഞു. അടിസ്ഥാനസൗകര്യങ്ങൾ വർധിപ്പിക്കുന്നതിനു പുറമെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും എംഎസ്എംഇ മേഖലയെ പിന്തുണയ്ക്കുന്നതിനും ഈ പദ്ധതികൾ വഴി തുറക്കുമെന്നും അദ്ദേഹം പറഞ്ഞു.ഇതു കണക്കിലെടുത്ത് റിക്രിയേഷനൽ, ലീഷർ ബോട്ടിംഗ് വിപണിയിൽ നിന്നുള്ള സ്പീഡ്ബോട്ടുകൾ, മറൈൻ എൻജിനുകൾ, നാവിഗേഷനൽ സിസ്റ്റങ്ങൾ, മറ്റ് സേവന ദാതാക്കൾ തുടങ്ങി ഈ രംഗത്തെ മുഴുവൻ വ്യവസായ മേഖലകളിൽ നിന്നുമുള്ളവർ ഐബിഎംസിന്റെ ആറാമത് പതിപ്പിൽ പങ്കെടുക്കും. ബോട്ടുകൾ, മറൈൻ ഉപകരണങ്ങൾ എന്നിവയ്ക്കുപരി എല്ലാത്തരത്തിലുമുള്ള ജലവിനോദങ്ങളും മേളയിൽ അണിനിരക്കും. '60ലേറെ സ്ഥാപനങ്ങൾ അവരുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും പ്രദർശിപ്പിക്കും.

5000ത്തിലേറെ ബിസിനസ് സന്ദർശകരേയും പ്രതീക്ഷിക്കുന്നു,' ജോസഫ് കുര്യാക്കോസ് പറഞ്ഞു.കേരള സർക്കാരിനു കീഴിലുള്ള കെബിപ്, കേന്ദ്ര സർക്കാരിനു കീഴിലുളഅള എൻഎസ്ഐസി, കൊച്ചി വാട്ടർ മെട്രോ, കേരളാ ടൂറിസം, ഇന്ത്യൻ കോസ്റ്റ് ഗാർഡ്, എസ്എൻസി ഡിടിപിസി, ഐഎംയു എന്നീ സ്ഥാപനങ്ങളുടെ അംഗീകാരവും പിന്തുണയും മേളയ്ക്കുണ്ട്. ഇതിനു പുറമെ ബോട്ട് യാർഡുകൾ, ഉപകരണ നിർമാതാക്കൾ തുടങ്ങി കേരളത്തിൽ നിന്നുള്ള എസ്എംഇകളുടെ പ്രത്യേക ഇൻഡസ്ട്രി പവലിയനും ഐബിഎംസിന്റെ ഭാഗമാകും.മേളയുടെ രണ്ടാം ദിവസം വിവിധ പ്രതിരോധ വകുപ്പ് സ്ഥാപനങ്ങൾ, ഷിപ്പ് യാർഡുകൾ, തുറമുഖങ്ങൾ എന്നിവയ്ക്കായുള്ള വെണ്ടർ ഡെവലപ്മെന്റ് പ്രോഗ്രാം (വിഡിപി) എൻഎസ്ഐസി സംഘടിപ്പിക്കും. ഈ മേഖലയിൽ നിന്നുള്ള കൂടുതൽ എംസ്എംഇകളെ വൻകിട പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഉൽപ്പന്നങ്ങളും സേവങ്ങളും നൽകാൻ പ്രാപ്തമാക്കുന്നതിന് ലക്ഷ്യമിട്ടാണ് വിഡിപിയുടെ സംഘാടനം.

കേന്ദ്ര സർക്കാരിനു കീഴിലെ ആത്മ ഭാരത് സ്കീമിനു കീഴിൽ ഇത്തരത്തിൽപ്പെട്ട വൻകിട പൊതുമേഖലാ സ്ഥാപനങ്ങൾ എംഎസ്എംഇ മേഖലയോട് അവരുടെ ഉൽപ്പന്ന, സേവന ആവശ്യങ്ങൾ അവതരിപ്പിക്കണമെന്നതിന്റെ പശ്ചാത്തലത്തിലാണ് വിഡിപി..ജലവിനോദങ്ങളുടെ രംഗത്തും കേരളത്തിന് ഒട്ടേറെ സാധ്യതകളുണ്ടെന്ന് സംഘാടകർ പറഞ്ഞു.

കെഎംആർഎലിന്റെ വാട്ടർ മെട്രോ വൻജനപ്രീതിയാർജിച്ചതും നേട്ടമാണ്. ഇതേത്തുടർന്ന് ജില്ലയുടെ ഉൾനാടൻ ബോട്ടിംഗ്, മറൈൻ മേഖലകൾ ആഗോള നിലവാരത്തിൽ വികസിപ്പിക്കെടാനുള്ള സാധ്യതകളും തുറക്കുകയാണ്. ആത്മനിർഭർ ഭാരത് പദ്ധതിയുടെ കീഴിൽ ഈ രംഗത്ത് കൊച്ചിൻ ഷിപ്പ് യാർഡ്, കെഎംആർഎൽ, ഐആർസ് എന്നീ സ്ഥാപനങ്ങൾ നടത്തുന്ന സംയുക്ത പരിശ്രമങ്ങൾക്കും മേള പിന്തുണയേകുമെന്നും സംഘാടകർ വ്യക്തമാക്കി.എൻഎസ്ഐസി സ്റ്റേറ്റ് ഹെഡ് പോൾ ബ്രൈറ്റ് സിംഗ്, സമുദ്ര ഷിപ്പ് യാർഡ് എംഡി എസ് ജീവൻ, വാലെത്ത് ബോട്ട് യാർഡ് എംഡി പീറ്റർ വാലെത്ത്, മറൈൻ എൻജിനീയേഴ്സ് സംഘടനയുടെ പ്രസിഡന്റ് പ്രൊഫ. കെ എ സൈമൺ എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

# പ്രീമിയം ഫ്ളോഫോർജ്ഡ് അലോയ് വീലുകൾ പുറത്തിറക്കി

**കൊച്ചി:** പ്രീമിയം അലോയ് വീൽ നിർമ്മാതാക്കളായ അഡ്വെൻടെക് വീൽസ് തങ്ങളുടെ പ്രീമിയം ഉത്പന്നങ്ങളുടെ ഒരു പുത്തൻ നിര ഓട്ടോമെക്കാനിക്കാ 2024ൽ പുറത്തിറക്കി.

കോഹിനൂർ, സ്പൈഡർ, ബ്ലാക്ക് വിഡോ എന്നീ ഇന്ത്യയിൽ നിർമ്മിച്ച പ്രീമിയം ഉൽപ്പന്നങ്ങൾ 2024 ഏപ്രിൽ മുതൽ വിപണിയിൽ എത്തും. പുതിയതായി വികസിപ്പിച്ച ഒരു ഓഗമെന്റഡ് റിയാലിറ്റി(എആർ) മൊബൈൽ ആപ്പ് ഉപയോഗിച്ചു കൊണ്ട് രൂപകൽപ്പനാ വൈവിധ്യവും ഉയർന്ന നിലവാരമുള്ള ഫിറ്റ്മെന്റും നൽകി കൊണ്ട് അഡ്വെൻടെക് വീൽ പുറത്തിറക്കുന്ന ഉപഭോക്തൃ കേന്ദ്രീകൃതമായ ഉൽപ്പന്ന നവീനതകളും വിൽപ്പന സംരംഭങ്ങളും ഉപഭോക്താക്കളുടെ സന്തുഷ്ടിയിലും കാറിന്റെ സുരക്ഷിതത്വത്തിലും പുതിയ ഒരു നിലവാരം തന്നെ സൃഷ്ടിക്കാൻ പ്രാപ്തമാണെന്ന് അഡ്വെൻടെക് വീൽസ് പ്രൈവറ്റ് ലിമിറ്റഡിന്റെ സഹസ്ഥാപകൻ ജസ്നീത് സിങ്ങ് പറഞ്ഞു.ഇന്ത്യയിലുടനീളമുള്ള വിപണന ശൃംഖലകളിലൂടേയും പ്രീമിയം ഫ്ളോഫോർജ്ഡ് അലോയ് വീലുകളുടെ ഒരു നിരഞങ്ങൾ വാഗ്ദാനം ചെയ്യുന്നു. ഉപഭോക്താക്കൾ ഊഹിച്ചു കൊണ്ട് എന്തെങ്കിലും വാങ്ങുന്നത് അവസാനിപ്പിക്കുന്നതിന്റെ ഭാഗമായി ഓഗ്മെന്റഡ് റിയാലിറ്റി ഉപയോഗിക്കുന്ന യൂസർ ഫ്രണ്ട്‌ലി ആയ അത്യാധുനിക മൊബൈൽ ആപ്പ് ഞങ്ങൾ പുറത്തിറക്കിയിട്ടുണ്ട്.

തങ്ങളുടെ കാറുകളിൽ അലോയ് വീലുകൾ ഘടിപ്പിച്ചു കഴിഞ്ഞാൽ അത് എങ്ങനെയുണ്ടായിരിക്കും എന്ന് കണ്ട് ബോധ്യപ്പെടുവാൻ ഈ എ ആർ സാങ്കേതിക വിദ്യ അവരെ സഹായിക്കുന്നു. തങ്ങളുടെ വാഹനങ്ങളുടെ ടയറുകൾക്കരികിൽ സ്മാർട്ട് ഫോണിലെ ക്യാമറ തുറന്നു വച്ച് കാറിന് ഏറ്റവും അനുയോജ്യമായിട്ടുള്ള അലോയ് വീൽ ഞങ്ങളുടെ വിശാലമായ നിരയിൽ നിന്നും അവർക്ക് തെരഞ്ഞെടുക്കുവാൻ കഴിയുമെന്നും ജസ്നീത് സിങ്ങ് പറഞ്ഞു.

# ഹലോ മമ്മി പോസ്റ്റർ റിലീസ് ചെയ്തു




ഹാങ്ങ് ഓവർ ഫിലിംസും എ ആൻഡ് എച്ച് എസ് പ്രൊഡക്ഷനും ചേർന്ന് നിർമ്മിക്കുന്ന ചിത്രമാണ് ഹലോ മമ്മി. ഫാന്റസി കോമഡി ജോണറിൽ ഒരുങ്ങുന്ന ചിത്രത്തിൽ ഷറഫുദ്ധീൻ, ഐശ്വര്യാലക്ഷ്മി എന്നിവർ കേന്ദ്ര കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. നിരവധി പരസ്യചിത്രങ്ങളിലൂടെ പ്രശസ്തനായ വൈശാഖ് എലൻസ് സംവിധാനം ചെയ്യുന്ന ആദ്യ ചിത്രമാണ് ഹലോ മമ്മി. ഫാലിമിയുടെ രചന നിർവഹിച്ച സാൻജോ ജോസഫ് ആണ് ചിത്രത്തിന്റെ കഥയും തിരക്കഥയും ഒരുക്കിയിരിക്കുന്നത്. ഹിന്ദി ചലച്ചിത്രങ്ങളിലൂടെയും ആസ്പിരന്റ്സ് , ദി ഫാമിലി മാൻ,ദി റെയിൽവേ മെൻ തുടങ്ങിയ വെബ് സീരീസുകളിലൂടെയും ശ്രദ്ധേയനായ നടൻ സണ്ണി ഹിന്ദുജ പ്രധാന വേഷത്തിൽ അഭിനയിക്കുന്ന ആദ്യ മലയാള ചിത്രമാണ് ഹലോ മമ്മി. അജു വർഗീസ്, ജഗദീഷ്, ജോണി ആന്റണി, ബിന്ദു പണിക്കർ, അദ്രി ജോ, ശ്രുതി സുരേഷ്, ഗംഗാ മീരാ, ജോമോൻ ജ്യോതിർ എന്നിവർ ഹലോ മമ്മിയിലെ മറ്റു പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. ഹാങ്ങ് ഓവർ ഫിലിംസിന്റെ നിർമ്മാണത്തിലൊരുങ്ങുന്ന ചിത്രത്തിൽ, നീലവെളിച്ചം,റിലീസിനൊരുങ്ങുന്ന അഞ്ചക്കള്ളകോക്കാൻ എന്നീ ചിത്രങ്ങളുടെ നിർമ്മാണ പങ്കാളിത്തത്തിനു ശേഷം എ ആൻഡ് എച്ച്എസ് പ്രൊഡക്ഷൻസ് നിർമ്മാണത്തിൽ സഹകരിക്കുന്ന മൂന്നാമത്തെ ചിത്രമാണ് ഹലോ മമ്മി. ജോമിൻ മാത്യു, ഐബിൻ തോമസ്, രാഹുൽ.ഇ.എസ് എന്നിവരാണ് ചിത്രത്തിന്റെ പ്രൊഡ്യൂസേഴ്സ്. സജിൻ അലി, നിസാർ ബാബു, ദിപൻ പട്ടേൽ എന്നിവരാണ് ചിത്രത്തിന്റെ സഹനിർമ്മാതാക്കൾ.

സന്തോഷ് ശിവന്റെ അസ്സോസിയേറ്റ് ആയിരുന്ന പ്രവീൺ കുമാറാണ് ഹലോ മമ്മിയുടെ ഛായാഗ്രഹണം നിർവഹിക്കുന്നത്. 2018, ആർ ഡി എക്സ് തുടങ്ങിയ ഹിറ്റ് ചിത്രങ്ങളുടെ ചിത്രസംയോജനം നിർവഹിച്ച ചമൻ ചാക്കോയാണ് ചിത്രത്തിന്റെ എഡിറ്റർ. മലയാള സിനിമാ സംഗീത ലോകത്ത് സൂപ്പർ ഹിറ്റ് ഗാനങ്ങൾ സമ്മാനിച്ച ജേക്ക്സ് ബിജോയിയാണ് ഹലോ മമ്മിയുടെ സംഗീത സംവിധാനം നിർവഹിക്കുന്നത്. ചിത്രത്തിന്റെ മറ്റു അണിയറപ്രവർത്തകർ ഇവരാണ്. പ്രൊഡക്ഷൻ കൺട്രോളർ : പ്രശാന്ത് നാരായണൻ, ഗാന രചന : മുഹ്സിൻ പരാരി, വസ്ത്രാലങ്കാരം : സമീറാ സനീഷ്, മേക്കപ്പ് : റോണക്സ് സേവ്യർ, പ്രൊഡക്ഷൻ ഡിസൈൻ : സാബു മോഹൻ, സൗണ്ട് ഡിസൈൻ : സിങ്ക് സിനിമ, ചീഫ് അസ്സോസിയേറ്റ് : വിശാഖ് ആർ വാരിയർ, വി എഫ് എക്സ് : ഹാങ്ങ് ഓവർ വി എഫ് എക്സ്, ഫൈറ്റ് : പി സി സ്റ്റണ്ട്സ്, കൊറിയോഗ്രാഫി : ഷെരീഫ്, സ്റ്റിൽ : അമൽ സി സദർ, ഡിസൈൻ : യെല്ലോ ടൂത്ത്, പി ആർ ഓ : പ്രതീഷ് ശേഖർ.




# ആൺഗർഭം

സംവിധായകൻ പി.കെ ബിജുവിന്റെ പുതിയ ചിത്രം ആൺഗർഭം.തിരക്കഥാകൃത്ത് പി.എസ് റഫീക്ക് ടൈറ്റിൽ റിലീസ് ചെയ്തു.

പ്രേക്ഷക ശ്രദ്ധ നേടിയ 4 ചിത്രങ്ങൾക്ക് ശേഷം പി കെ ബിജു ഒരുക്കുന്ന സിനിമയാണ് :ആൺഗർഭം'ബിജുവിൻറെ പതിവ് ചിത്രങ്ങൾ പോലെ തന്നെ സാമൂഹ്യ രാഷ്ട്രീയമാണ് ആൺഗർഭവും ചർച്ച ചെയ്യുന്നത്. ചിത്രം എല്ലാത്തരം പ്രേക്ഷകരെയും രസിപ്പിക്കുന്ന പ്രമേയമാണെന്ന് സംവിധായകൻ ബിജു പറഞ്ഞു. കൊടുങ്ങല്ലൂര് നടന്ന ചടങ്ങിൽ കവി കെ പി സത്യൻ ചിത്രകാരനും ശിൽപിയുമായ ഡാവിഞ്ചി സുരേഷ്, ഷെജീർ അഴീക്കോട്, ക്യാമറാ മാൻ സുൽഫി ബൂട്ടോ, താരങ്ങളായ ഷാജിക്കാ ഷാജി, നിസാർറം ജാൻ, ബിജി കോഴിക്കോട്, സംവിധായകൻ പി കെ ബിജു തുടങ്ങി നാടക ചലച്ചിത്ര രംഗത്തെ നിരവധി പേർ പങ്കെടുത്തു.

# ആഭ്യന്തര കുറ്റവാളി

മലയാള സിനിമാ പ്രേക്ഷകരുടെ പ്രിയ താരം ആസിഫ് അലിയുടെ പിറന്നാൾ ദിനത്തിൽ അദ്ദേഹത്തിന്റെ പുതിയ ചിത്രത്തിന്റെ ടൈറ്റിൽ റിലീസ് ചെയ്തു. കുടുംബ പ്രേക്ഷകരുടെയും യുവതി യുവാക്കളുടെയും പ്രിയ താരമായി മാറിയ ആസിഫ് അലിയുടെ പുതിയ ചിത്രത്തിന്റെ ടൈറ്റിൽ പിറന്നാൾ ദിനമായ ഇന്ന് റിലീസ് ചെയ്തു. 'ആഭ്യന്തര കുറ്റവാളി' എന്നാണ് ആസിഫിന്റെ പുതിയ ചിത്രത്തിന്റെ പേര്. നവാഗതനായ സേതുനാഥ് പത്മകുമാറാണ് ചിത്രത്തിന്റെ കഥ, തിരക്കഥ, സംവിധാനം എന്നിവ നിർവഹിക്കുന്നത്. നൈസാം സലാം പ്രൊഡക്ഷൻസിന്റെ ബാനറിൽ നൈസാം സലാമാണ് ചിത്രം നിർമ്മിക്കുന്നത്. റിയലിസ്റ്റിക് കോമഡി ഫാമിലി എന്റെർറ്റൈനെർ ആയാണ് ആഭ്യന്തരകുറ്റവാളി ഒരുങ്ങുന്നത്. ചിത്രത്തിന്റെ ചിത്രീകരണം ഈ വരും മാസങ്ങളിൽ ആരംഭിക്കും.




കഴിഞ്ഞ വർഷത്തെ മികച്ച ചിത്രങ്ങളുടെ പട്ടികയിൽ ഇടം പിടിക്കുകയും ബച്ചു എന്ന കഥാപാത്രത്തിൽ ബേസിൽ ജോസഫ് നായകനായെത്തി പ്രേക്ഷക പ്രശംസയും നിരൂപക പ്രശംസയും നേടിയ കഠിന കഠോരമീ അണ്ഡകടാഹം എന്ന ചിത്രത്തിന് ശേഷം നൈസാം സലാം പ്രൊഡക്ഷൻസ് നിർമ്മിക്കുന്ന ചിത്രമാണ് ആഭ്യന്തര കുറ്റവാളി. ആസിഫ് അലി നായകനാകുന്ന ചിത്രത്തിലെ കൂടുതൽ വിവരങ്ങൾ വരും ദിവസങ്ങളിൽ അറിയിക്കുമെന്ന് അണിയറപ്രവർത്തകർ വ്യക്തമാക്കി. പി ആർ ഓ പ്രതീഷ് ശേഖർ.

# വൺപ്രിൻസസ് സ്ട്രീറ്റ്




ബാലു വർഗീസ്, ആൻ ശീതൾ, അർച്ചന കവി, ലിയോണ ലിഷോയ് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കിസിമയോൺ സംവിധാനം ചെയ്യുന്ന' വൺ പ്രിൻസസ് സ്ട്രീറ്റ് 'എന്ന ചിത്രത്തിന്റെ ലിറിക്കൽ വീഡിയോ ഗാനം റിലീസായി.വിനായക് ശശികുമാർ എഴുതിയ വരികൾക്ക് പ്രിൻസ് ജോർജ്ജ് സംഗീതം പകർന്ന് ജാസി ഗിഫ്റ്റ് ആലപിച്ച കണ്ണു രണ്ടും. എന്നാരംഭിക്കുന്ന ഗാനമാണ് റീലിസായത്.ഷമ്മി തിലകൻ, ഹരിശ്രീ അശോകൻ, ഭഗത് മാനുവൽ,സിനിൽ സൈനുദ്ദീൻ,കലാഭവൻ ഹനീഫ്,റെജു ശിവദാസ്,കണ്ണൻ, റോഷൻ ചന്ദ്ര,വനിത കൃഷ്ണ ചന്ദ്രൻ,ജോളി ചിറയത്ത് എന്നിവരാണ് മറ്റു താരങ്ങൾ.മാക്രോ മോഷൻ പിക്ചേഴ്സിന്റെ ബാനറിൽ ലജു മാത്യു ജോയ് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം അർജ്ജുൻ അക്കോട്ട് നിർവ്വഹിക്കുന്നു.കോപ്രൊഡ്യൂസർയുബിഎ ഫിലിംസ്, റെയ്ൻ എൻ ഷൈൻ എന്റർടെയ്ൻമെന്റ്സ്.സിമയോൺ, പ്രവീൺ ഭാരതി, ടുട്ടു ടോണി ലോറൻസ്, എന്നിവർ ചേർന്ന് കഥ തിരക്കഥ സംഭാഷണമെഴുതുന്നു.മനു മഞ്ജിത്ത്, വിനായക് ശശികുമാർ എന്നിവരുടെ വരികൾക്ക് പ്രിൻസ് ജോർജ്ജ് സംഗീതം പകരുന്നു.എഡിറ്റർആയൂബ്ബ് ഖാൻ.പ്രൊഡക്ഷൻ കൺട്രോളർസന്തോഷ് ചെറുപൊയ്ക, കലവേലു വാഴയൂർ,വസ്ത്രാലങ്കാരംറോസ് റെജീസ്, മേക്കപ്പ് ജിത്തു പയ്യന്നൂർ,സ്റ്റിൽസ്ഷിജിൻ പി രാജ്, പരസ്യകലയെല്ലോ ടൂത്ത്സ്,സ്റ്റണ്ട് മാഫിയ ശശി,നൃത്തംഅനഘ മറിയ,ഋഷി,നീരജ് സുകുമാരൻ, വിഎഫ്എക്സ്ജിഷ്ണു രഘു പിഷാരടി,ചീഫ് അസോസിയേറ്റ് ഡയറക്ടർകെ എസ് ഷൈൻ, അസോസിയേറ്റ് ഡയറക്ടർ റിനീഷ് പവിത്രൻ, അസിസ്റ്റന്റ് ഡയറക്ടർയതീന്ദ്രൻ, ഫെമിന നെൽസൺ, ആനന്ദ് സജീവ്, അഭിജിത്ത് സൂര്യ, വിശാഖ് നാഥ്, ഫിനാൻസ് കൺട്രോളർ ആന്റണി ജോയ്,ചീഫ് അസോസിയേറ്റ് ക്യാമറമാൻമൈക്കിൾ ജോസഫ്,പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്സഫി ആയൂർ, പ്രൊഡക്ഷൻ മാനേജർബിനു തോമസ്,പി ആർ ഒഎ എസ് ദിനേശ്.

# ഫോൺ വിതരണം: സാംസങ്ങും ബ്ലിങ്കിറ്റുമായി ധാരണയിൽ

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ ഇലക്ട്രോണിക്സ് കമ്പനിയായ സാംസങ് പുതിയ ഗ്യാലക്സി എസ് 24 സീരിസിലുള്ള ഫോണുകളുടെ വിതരണത്തിന് ബ്ലിങ്കിറ്റുമായി ധാരണയിലെത്തി. ഡൽഹിഎൻ.സി.ആർ, ബെംഗളൂരു, മുംബൈ എന്നിവിടങ്ങളിലെ ഉപഭോക്താക്കൾക്കാണ് സാംസങ് നിലവിൽ ഈ സൗകര്യം ഒരുക്കുന്നത്. ക്വിക് കൊമേഴ്സ് പ്ലാറ്റ്ഫോമായ ബ്ലിങ്കിറ്റിന്റെ ശൃംഖലയിലൂടെയാണ് . ഗ്യാലക്സി എസ് 24 അൾട്ര, ഗ്യാലക്സി എസ് 24 പ്ലസ്, ഗ്യാലക്സി എസ് 24 സ്മാർട്ട് ഫോണുകൾ ഉപഭോക്താക്കൾക്ക് ബ്ലിങ്കിറ്റിലൂടെ വാങ്ങാം. എച്ച്.ഡി.എഫ്.സി ബാങ്ക് ക്രെഡിറ്റ് കാർഡുപയോഗിച്ചാണ് വാങ്ങുന്നതെങ്കിൽ 5000 രൂപയുടെ കാഷ്ബാക്ക് ഉടൻ ലഭിക്കും. ഇന്ത്യയിൽ ഗ്യാലക്സി എസ് 24 സീരിസിന് ആവശ്യക്കാരേറെയാണ്. റെക്കോർഡ് പ്രീ ബുക്കിങ് ഓർഡറാണ് ഈ ഫോണിന് ലഭിച്ചത്. എസ് സീരിസിലുള്ളവയിൽ ഏറ്റവും ജനപ്രീതിയാർജിച്ചവയാണ് പുതിയ മോഡലുകൾ. ജനുവരി 18 മുതലുള്ള മൂന്നുദിവസത്തിനുള്ളിൽ 250,000 പേരാണ് ഗ്യാലക്സി എസ് 24 സ്മാർട്ട്ഫോൺ പ്രീ ബുക്ക് ചെയ്തത്.പൂർണമായും ഇന്ത്യയിൽ നിർമ്മിച്ചവയാണ് ഗ്യാലക്സി എസ് 24 അൾട്ര, ഗ്യാലക്സി എസ് 24 പ്ലസ്, ഗ്യാലക്സി എസ് 24 എന്നിവ. തത്സമയം വിവർത്തനം ചെയ്യുന്നതിനുള്ള സൗകര്യം, ഇന്റർപ്രെറ്റർ, ചാറ്റ് അസിസ്റ്റ്, നോട്ട് അസിസ്റ്റ്, ട്രാൻസ്ക്രിപ്റ്റ് അസിസ്റ്റ് എന്നീ സൗകര്യങ്ങൾ ഗ്യാലക്സി എസ് 24 സീരിസിലുണ്ടെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.ഇതിൽ സന്ദേശങ്ങൾ ഹിന്ദി ഉൾപ്പെടെ 13 ഭാഷകളിലേക്ക് വിവർത്തനം ചെയ്യുന്നതിന് നിർമിത ബുദ്ധി വഴി സാധിക്കും. എ.ഐ. അടിസ്ഥാനമാക്കി തയ്യാറാക്കിയ സാംസങ് കീബോർഡ് വഴിയാണ് ഇത് സാധ്യമാകുന്നത്. കാറിൽ യാത്ര ചെയ്യുമ്പോൾ ആൻഡ്രോയ്ഡ് ഓട്ടോ സംവിധാനം സന്ദേശങ്ങൾ സംഗ്രഹിച്ചു നൽകും. ആവശ്യമായ മറുപടിയും തുടർനടപടികളും ആൻഡ്രോയ്ഡ് ഓട്ടോ നിർദേശിക്കുകയും ചെയ്യും. സർക്കിൾ ടു സെർച്ചാണ് ഗ്യാലക്സി എസ് 24 സീരിസിലെ മറ്റൊരു ആകർഷണം. പ്രൊ വിഷ്വൽ എൻജിൻ ക്രിയേറ്റീവ് സ്വാതന്ത്ര്യം നൽകുന്നതിനൊപ്പം മിഴിവുള്ള ചിത്രങ്ങൾ പകർത്തുന്നതിന് സഹായിക്കുകയും ചെയ്യും. ഗ്യാലക്സി എസ് 24 അൾട്രയിലെ ക്വാഡ് ടെലി സിസ്റ്റത്തിൽ 5എക്സ് ഒപ്റ്റിക്കൽ സൂം ലെൻസാണുള്ളത്. സെൻസർ 50 എം.പിയുടേതാണ്. രണ്ട് എക്സ്, മൂന്ന് എക്സ്, അഞ്ച് എക്സ് തുടങ്ങി 10 എക്സ് വരെ നീളുന്ന സൂം ലെവലിലും ചിത്രങ്ങൾ നിലവാരത്തിൽ മാറ്റമില്ലാതെ തുടരും. ചലനാത്മകമായ ഫ്രെയിമുകൾക്കായി ഇൻസ്റ്റന്റ് സ്ലോമോ സൗകര്യമുണ്ട്. ആക്ഷൻ പാക്ക്ഡ് മൊമന്റ്സ് പകർത്താനും ഇൻസ്റ്റന്റ് സ്ലോമോ അവസരമൊരുക്കും. ചിത്രങ്ങൾക്ക് മിഴിവേറ്റാൻ സൂപ്പർ എച്ച്.ഡി.ആറുണ്ട്. ഏഴുവർഷത്തെ സെക്യൂരിറ്റി അപ്ഡേറ്റും ഏഴു ജനറേഷൻ ഓപ്പറേറ്റിങ് സോഫ്റ്റുവെയർ അപ്ഗ്രേഡിങ്ങും കമ്പനി വാഗ്ദാനം ചെയ്യുന്നുണ്ട്.



## സമ്പൽപൂരിൽ ഐഐഎം സ്ഥിരം കാമ്പസ് ഉദ്ഘാടനം ചെയ്തു

**കൊച്ചി:** ഒഡീഷയിലെ സമ്പൽപൂരിൽ ഐഐഎമ്മിന്റെ സ്ഥിരം കാമ്പസ് പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു. 68,000 കോടി രൂപയുടെ പദ്ധതികൾ പ്രധാനമന്ത്രി രാഷ്ട്രത്തിനു സമർപ്പിക്കുകയും ശിലാസ്ഥാപനം നടത്തുകയും ചെയ്തു. 28,980 കോടി രൂപയുടെ വിവിധ വൈദ്യുത പദ്ധതികളാണ് രാഷ്ട്രത്തിനു സമർപ്പിക്കുകയും ശിലാസ്ഥാപനം നടത്തുകയും ചെയ്തത്. ദേശീയ പാതകളിലെ ആകെ 2110 കോടി രൂപ ചെലവു വരുന്ന മൂന്നു റോഡ് സെക്ടർ പദ്ധതികളും അദ്ദേഹം ഉദ്ഘാടനം ചെയ്തു. റെയിൽവേയുടെ 2146 കോടി രൂപ വരുന്ന പദ്ധതികൾക്കാണ് അദ്ദേഹം ശിലാസ്ഥാപനം നിർവഹിച്ചത്. സമ്പൽപൂർ റെയിൽവേ സ്റ്റേഷന്റെ പുനർവികസനത്തിനുള്ള ശിലാസ്ഥാപനവും അദ്ദേഹം നിർവഹിച്ചു. പൂരി-സോണാപൂർ-പൂരി പ്രതിവാര തീവണ്ടിയുടെ ഫ്ളാഗ് ഓഫ് അടക്കമുള്ളവയും അദ്ദേഹം നിർവഹിച്ചു.

## ഭാരത് മൊബിലിറ്റി ഗ്ലോബൽ എക്സ്പോ 2024ൽ വിഇസിവി

**കൊച്ചി :** ആധുനിക ലോജിസ്റ്റിക്സുവേണ്ട ആധുനിക മാർഗങ്ങളുമായി ഭാരത് മൊബിലിറ്റി ഗ്ലോബൽ എക്സ്പോ 2024ൽ വിഇ കോമേഴ്സ്യൽ വെഹിക്കിൾസ്. വോൾവോ ഗ്രൂപ്പിന്റേയും ഐഷർ മോട്ടേഴ്സിന്റേയും സംയുക്ത സംരംഭമായ വിഇ കൊമേഴ്സ്യൽ ലോകത്തിനായി ഇന്ത്യയിൽ നിർമ്മിച്ചതും ഭാവിയിലേക്കുള്ളതുമായ വാഹനങ്ങളാണ് എക്സ്പോയിൽ പ്രദർശിപ്പിച്ചിരിക്കുന്നത്.ഇന്ത്യയുടെ ആദ്യത്തെ 5.5 ടൺ വൈദ്യുത ട്രക്കായ ഐഷർ പ്രോ 2055 ഇവി, എൽഎൻജിയിലും സിഎൻജിയിലും പ്രവർത്തിക്കുന്ന ഐഷർ പ്രോ 8055, ഐഷർ പ്രോ 12 മീറ്റർ ഇവി ബസ്, വോൾവോ ട്രക്കുകൾ, ഐഷറിന്റെ ഹൈഡ്രജൻ ഐസി എഞ്ചിന്റെ ഏറ്റവും പുതിയ പ്രോട്ടോടൈപ്പ് തുടങ്ങിയവയാണ് പ്രദർശനത്തിൽ വിഇസിവി ഒരുക്കിയിരിക്കുന്നത്.



ഉപഭോക്താക്കൾക്കും ട്രാൻസ്പോർട്ടേഴ്സിനും വേണ്ടി ബിസിനസ് അനുകൂല, ഭൗമാനുകൂല ഇലക്ട്രിക് ട്രക്കുകളും ബസുകളുമാണ് വിഇസിവി അണിനിരത്തുന്നത്.നൂതനവും സുസ്ഥിരവുമായ സാങ്കേതിക വിദ്യയിലൂടെ ഇന്ത്യയുടെ ലോജിസ്റ്റിസ്, മൊബിലിറ്റി രംഗത്തെ രൂപാന്തരം ചെയ്യാനുള്ള സർക്കാരിന്റെ നയത്തിനു ചേർന്ന വിധം ലോകോത്തര നിലവാരത്തിലുള്ള ട്രക്കുകൾ, ബസുകൾ, എഞ്ചിനുകൾ, ഘടകങ്ങൾ എന്നിവ വികസിപ്പിച്ചിട്ടുണ്ടെന്ന് വിഇ കൊമേഴ്സ്യൽ വെഹിക്കിൾസിന്റെ എംഡിയും ചെയർമാനുമായ വിനോദ് അഗർവാൾ പറഞ്ഞു.

## 12 മണിക്കൂറിൽ 79.73 ടൺ പ്ലാസ്റ്റിക് ബോട്ടിലുകൾ ശേഖരിച്ചു; ബിസ്ലേരിക്ക് ഗിന്നസ് റെക്കോർഡ്

**കൊച്ചി:** പാക്കേജ്ഡ് കുടിവെള്ള കമ്പനിയായ ബിസ്ലേരി ഇൻറർനാഷണൽ കേവലം 12 മണിക്കൂറിൽ 79.73 ടൺ പ്ലാസ്റ്റിക് ബോട്ടിലുകൾ ശേഖരിച്ച് ഗിന്നസ് ബുക്ക് ഓഫ് വേൾഡ് റെക്കോർഡിൽ ഇടം നേടി. 'ഗ്രീനർ പ്രോമിസ്' എന്ന സംരംഭത്തിലൂടെ പരിസ്ഥിതി സുസ്ഥിരതയിൽ ബിസ്ലേരി പുലർത്തുന്ന പ്രതിബദ്ധതയാണ് നേട്ടത്തിന് വഴിയൊരുക്കിയത്. കോയമ്പത്തൂർ പി എസ് ജി കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിന്റെ സഹകരണത്തോടെയാണ് മെഗാ ശേഖരണ യജ്ഞം റെക്കോർഡിലെത്തിച്ചത്.33.35 ടൺ പ്ലാസ്റ്റിക് ബോട്ടിലുകൾ ശേഖരിച്ച്, 2018ൽ ബൃഹത് ബെംഗളൂരു മഹാനഗര പാലികയുടെ റെക്കോർഡാണ് ബിസ്ലേരി പി എസ് ജി കോളേജിന്റെ പിന്തുണയോടെ മറികടന്നത്.

പുതിയ ഗിന്നസ് വേൾഡ് റെക്കോർഡ് നേടുക മാത്രമല്ല, പ്ലാസ്റ്റിക് റീസൈക്ലിംഗിനെക്കുറിച്ച് വ്യാപകമായി അവബോധം സൃഷ്ടിക്കുകയുമാണ് ബിസ്ലേരി ഇൻറർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ് കോർപ്പറേറ്റ് അഫയേഴ്സ് സീനിയർ ജനറൽ മാനേജരും ചീഫ് സസ്റ്റൈനബിലിറ്റി ഓഫീസറുമായ കെ ഗണേഷ് പറഞ്ഞു. 8 മണിക്കൂറിൽ 23.53 ടൺ പ്ലാസ്റ്റിക് ബോട്ടിലുകൾ ശേഖരിച്ച് 2015 ലും ബിസ്!ലേരി റെക്കോർഡിട്ടിരുന്നു.

